## പതിനാലാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *164** — **11.06.2018-ൽ മറുപടിക്ക്**

### രാഷ്ട്രീയ കൊലപാതകങ്ങൾക്ക് കടിഞ്ഞാണിടുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഒട്ടേറെ സമാധാന യോഗങ്ങൾക്ക് ശേഷവും കണ്ണൂരിൽ അക്രമ സംഭവങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും നടക്കുന്നത് ആഭ്യന്തര വകുപ്പിന്റെ വീഴ്ച മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മാഹിയിൽ സി. പി. എം. പ്രവർത്തകനും ആർ. എസ് .എസ് . പ്രവർത്തകനും ഒരേ ദിവസം കൊല്ലപ്പെട്ട സംഭവത്തിൽ ഗവർണ്ണർ ആശങ്ക പ്രകടിപ്പിക്കുകയും വിശദീകരണം ആരായുകയും ചെയ്തിട്ടുണ്ടോ;<br>(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതിന് മുമ്പ് ഏതൊക്കെ രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നപ്പോഴാണ് ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നത്; പ്രസ്തുത വിശദീകരണങ്ങളിൽ സർക്കാർ ഭാഗത്ത് നിന്നും സ്വീകരിക്കാമെന്ന് ഉറപ്പ് നൽകിയ നടപടികളിൽ വീഴ്ച ഉണ്ടായത് കൊണ്ടാണോ കണ്ണൂരിൽ വീണ്ടും കൊലപാതകങ്ങൾ നടക്കുന്നതിനുള്ള സാഹചര്യമുണ്ടായത്; | (ബി) യും (സി) യും ബഹു.ഗവർണർ സർക്കാരിനോട് വിശദീകരണം ആരാഞ്ഞിട്ടില്ല. |
| (ഡി) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ അടിക്കടി ഉണ്ടാകുന്നതിൽ കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പ്രമുഖ പാർട്ടികളുടെ അംഗങ്ങൾ ഉൾപെട്ടിട്ടുള്ളതിനാൽ പോലീസിന് നീതി നിർവ്വഹണം കാര്യക്ഷമമായും നിഷ്പക്ഷമായും കൈകാര്യം ചെയ്യുവാൻ പറ്റാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; | (ഡി) സംജാതമായിട്ടില്ല. |

(ഇ) എങ്കിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിന് അറുതി വരുത്തുന്നതിനും രാഷ്ട്രീയ കൊലപാതകങ്ങൾക്ക് കടിഞ്ഞാണിടുന്നതിനും കർശന നടപടി കൈക്കൊള്ളുമോ?

(ഇ) സംസ്ഥാനത്ത് ഭീതിജനകമായ അന്തരീക്ഷം നിലനിൽക്കുന്നില്ല. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായ സന്ദർഭങ്ങൾക്ക് കടിഞ്ഞാണിടുന്നതിന് കർശന നടപടി സ്വീകരിച്ചിരുന്നു. അതോടൊപ്പം സംഘർഷ ബാധിത പ്രദേശങ്ങളിൽ പ്രത്യേക പോലീസ് നിരീക്ഷണവും, പട്രോളിംഗും ഏർപ്പെടുത്തുന്നു. പ്രാദേശിക തലത്തിലും, ജില്ലാ തലത്തിലും സർവ്വ കക്ഷി സമാധാന യോഗം വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്ത്, രാഷ്ട്രീയ സംഘട്ടനങ്ങൾ വഷളാകാതെയും കലാപങ്ങളിലേയ്ക്കും, കൊലപാതകങ്ങളിലേയ്ക്കും നയിക്കപ്പെടാതെയും തടയുന്നു. പ്രാദേശിക വൈരം മൂലം ഉണ്ടാകുന്ന കൊലപാതങ്ങളിൽ എത്രയും വേഗം പോലീസ് നടപടികൾ ഉണ്ടാവുകയും കുറ്റവാളികളെ പിടികൂടി നിയമ നടപടികൾക്ക് വിധേയരാക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**